7524
4/8/14

ഭരണ ഭാഷ-മാതൃഭാഷ

# GOVERNMENT OF KERALA

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ഫോർമാറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള കമ്മിറ്റിയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.452/2014/സാ.നീ.വ തിരുവനന്തപുരം, തീയതി 21.7.2014

പരാമർശം-1. 2.5.2014 തീയതിയിലെ സ.ഉ(ആർ.റ്റി)നം287/14/സാ.നീ.വ
2. 24.5.2014 തീയതിയിലെ 987/എസ്2/എസ്.സി.പി.ഡബ്ല്യൂ.ഡി നമ്പർ കത്ത്.

ഉത്തരവ്

അംഗപരിമിതർക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ഫോർമാറ്റ് ഏകീകരിക്കുന്നത് സംബന്ധിച്ചും ടി സർട്ടിഫിക്കറ്റുകൾക്ക് കാലാവധി നിശ്ചയിക്കുന്നതു സംബന്ധിച്ചും നിർദ്ദേശം സമർപ്പിക്കുന്നതിനായി സംസ്ഥാന വികലാംഗ കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി പരാമർശം 1 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യ വകുപ്പ് കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും അംഗപരിമിതർക്കായുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടെന്നും മാത്രമല്ല, മെഡിക്കൽ സർട്ടിഫിക്കറ്റിന് അപ്പലേറ്റ് ബോർഡ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് നടത്തുന്നതെന്നും ആയതിനാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധിയെക്കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് പരാമർശം 2 പ്രകാരം സംസ്ഥാന വികലാംഗ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ഫോർമാറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള കമ്മിറ്റിയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എൻ.ബി.കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

സംസ്ഥാന വികലാംഗ കമ്മീഷണർ, പൂജപ്പുര, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസ്, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ